# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 58      01/12/2014ൽ മറുപടിക്ക്

## പി.എസ്.സി. നിയമനം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.വി.അബ്ദുൽ ഖാദർ<br>ഡോ. കെ.ടി.ജലീൽ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും സർക്കാർ വകുപ്പുകളിൽ നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) പി.എസ്.സി. വഴി നിയമനം നടത്തേണ്ട നിലവിലുള്ള എല്ലാ ഒഴിവുകളിലേയ്ക്കും പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നൽകിവരുന്നുണ്ട്. |
| (ബി) നിയമന നിരോധനം അപ്രഖ്യാപിതമായി തുടരുന്നതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതുകൊണ്ട് ഫലമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നിയമന നിരോധനം നിലവിൽ ഇല്ല. ഒഴിവുകൾ എല്ലാം നികത്തുന്നതിനു വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കാലാവധി നീട്ടപ്പെട്ട കാലയളവിൽ ഒരു നിയമനവും നടന്നിട്ടില്ലാത്ത റാങ്ക് ലിസ്റ്റുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) പി.എസ്.സിയിൽ നിന്നും അഡ്വൈസ് മെമ്മോ കൈപ്പറ്റിയ ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് മാസങ്ങൾ പിന്നിട്ടിട്ടും നിയമന ഉത്തരവ് ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിൽ കീഴിലുള്ള സ്ഥാപനങ്ങളിലാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ഡി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ